മ ത്താ. 1:18-24

**2023 ഡിസംബർ 24**

# വചനസന്ദേശം

**ഡോ. സുബിൻ കിടങ്ങേൻ**

## ദൈവീകസ്പർശം

പ്രശസ്ത എഴുത്തുകാരി അഷിതയുടെ കഥയാണ് മയിൽപ്പീലിസ്പർശം. കാട്ടിലെ മൃഗങ്ങൾ തങ്ങളുടെ ഉള്ളംതുറന്ന് സംസാരിക്കുന്ന നിമിഷങ്ങളെ ആവി ഷ്കരിച്ചുകൊണ്ടാണ് അഷിത ഈ കഥ ചിട്ടപ്പെടുത്തിയിരിക്കുന്നത്. പോരാടി യും ഭിന്നിച്ചും കഴിഞ്ഞിരുന്ന കാട്ടിലെ മൃഗങ്ങൾ ഉള്ളുതുറന്ന് സംസാരിക്കാനും മനസ്സിലാക്കുവാനും ശ്രമിച്ചപ്പോൾ അവിടെ സ്വർഗം രൂപംകൊണ്ടു. സ്നേഹ ത്തിന്റെ പുതിയൊരു തൂവൽസ്പർശം ആസ്വദിക്കുവാൻ അവർക്ക് സാധിച്ചു. കഥയിലെ മൃഗങ്ങൾ തമ്മിലുള്ള സംഭാഷണത്തിൽ സൂചിപ്പിക്കുന്ന ഒരു വരി ഇപ്രകാരമാണ്: 'ഒരു ജീവിതകാലം പോയി, സ്നേഹം എന്തെന്നറിയാതെ.' ഭിന്നിച്ചും കലഹിച്ചും ജീവിച്ചപ്പോൾ അവരുടെ ഇടയിലെ സൗഹൃദം അന്യമായി. പരസ്പരം സ്നേഹിച്ചപ്പോൾ അവിടം സമാധാനമായി എന്ന സൂചനയാണ് ഈ കഥ നൽകുന്നത്.

പരസ്പരം കലഹിച്ചും ഭിന്നിച്ചും കഴിഞ്ഞിരുന്ന ജനതയുടെ ഇടയി ലേക്ക് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാന്നിധ്യമായി കടന്നുവന്ന താണ് എമ്മാനുവേൽ. ദൈവം നമ്മോടുകൂടെ എന്ന അനുഭവം. യുദ്ധത്തിന്റെ യും പോരാട്ടത്തിന്റെയും മധ്യത്തിലൂടെ കടന്നുപോയിരുന്ന ഇസ്രായേൽ ജനത യുടെ ഇടയിൽ, രക്ഷകനെ പ്രതീക്ഷിച്ചിരുന്നിടത്ത് സമാധാനത്തിന്റെയും എളിമയുടെയും സാന്നിധ്യമായാണ് യേശുവിന്റെ ജനനം.

ദൈവം ലോകത്തെ മറന്നിട്ടില്ല എന്നതാണ് എമ്മാനുവേൽ. സ്നേഹ സൗഹാർദ്ദത്തിന്റെ നീർത്തടാകത്തിലേക്ക് ഏവരെയും ആനയിക്കുവാൻ എമ്മാ നുവേൽ സാന്നിധ്യം സഹായിക്കും. ദൈവം നമ്മോടുകൂടെ എന്ന് വിവക്ഷിക്കു ന്നതിലൂടെ അർത്ഥമാക്കുന്നത് എന്നിലും നിന്നിലുമുള്ള ദൈവസാന്നിധ്യത്തെ തിരിച്ചറിയുക എന്നാണ്. ഞാനും നീയും ഒരേ ദൈവത്തിന്റെ സ്നേഹഛായ യിൽ രൂപംകൊണ്ടതാണ്. ഭിന്നതയ്ക്കപ്പുറത്ത് എന്നിലും നിന്നിലുമുള്ള ദൈവ സാന്നിധ്യത്തെ തിരിച്ചറിയുന്നിടത്ത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവീകസ്പർശം മനസ്സിലാക്കാനാകും. ആശ്രമത്തിലെ അന്തേവാസികൾ തമ്മിൽ കലഹമാണ്. ആർക്കും പരസ്പരം ഉൾക്കൊള്ളുവാൻ സാധിക്കുന്നില്ല. പരസ്പരം കുറ്റങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. ഒരു ദിവസം ആശ്രമാധിപൻ ഒരു ഉപാധി കണ്ടുപിടിച്ചു. നിങ്ങളിൽ ഒരാൾ ദൈവമാണ്. അന്നു മുതൽ അവർ പരസ്പരം വൈര്യം മറന്ന് സ്നേഹിക്കുവാൻ തുടങ്ങി. എല്ലാവർക്കും എല്ലാവ രെയും ഉൾക്കൊള്ളാം എന്നായി. അന്നുമുതൽ ആശ്രമം സ്വർഗമായി. ആ സ്വർഗ ത്തിലേക്ക് മറ്റുള്ളവർ കടന്നുവരുവാൻ തുടങ്ങി. യേശുവിന്റെ സാന്നിധ്യം ഭിന്നിച്ചും കലഹിച്ചും കഴിഞ്ഞിരുന്ന ജനതയ്ക്കിടയിൽ സമാധാനത്തിന്റെ അന്ത രീക്ഷം സൃഷ്ടിക്കുവാനാണ്.

നമ്മുടെ ഉള്ളിലെ ദൈവസാന്നിധ്യത്തെ തിരിച്ചറിയാനായാൽ നാം വസിക്കുന്നിടം സ്വർഗമാക്കുവാൻ സാധിക്കും. അതിനുവേണ്ടത് പരിശുദ്ധാത്മാ വിന്റെ കൃപയാണ്. പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവസാന്നിധ്യത്തെ തിരി ച്ചറിഞ്ഞ വ്യക്തിത്വങ്ങളാണ് പരി. കന്യകാമറിയവും മാർ യൗസേപ്പിതാവും. രണ്ടുപേരും നിഷ്കളങ്കരും ദൈവസന്നിധിയിൽ നീതിമാന്മാരും വിശുദ്ധരു മായിരുന്നു. പരി. കന്യകാമറിയം വിവാഹത്തിനുമുമ്പേ ഗർഭിണിയാണെന്നറി യുമ്പോൾ യൗസേപ്പിതാവ് അസ്വസ്ഥനാകുന്നു. മാനുഷികബുദ്ധിയിൽ എങ്ങ നെ മറിയത്തെ ഉപേക്ഷിക്കാം എന്നാണ് പിന്നീടുള്ള ചിന്ത. വിവാഹത്തിനു മുമ്പേ ഗർഭിണിയായവൾ കല്ലെറിയപ്പെടുവാൻ വിധിക്കപ്പെട്ടേക്കാം. അതു കൊണ്ടുതന്നെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിക്കുന്നു. മാനുഷിക ബുദ്ധിയിൽ ഒരു പരിമിതിയായി ഇതിനെ കണ്ടെങ്കിലും പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ ദൈവസാന്നിധ്യമാണ് മറിയത്തിന്റെ ഉള്ളിലുള്ളതെന്നുള്ള ഉൾ ക്കാഴ്ച യൗസേപ്പിതാവിനുണ്ടായി. അതാണ് അവർ അനുഭവിച്ച എമ്മാനുവേൽ അനുഭവം. ദൈവം നമ്മിലുണ്ട് എന്ന തിരിച്ചറിവുണ്ടെങ്കിൽ അപരനെ ഉൾക്കൊ ള്ളുവാൻ നമുക്ക് സാധിക്കും.

പഴയനിയമത്തിൽ ദൈവം അഗ്നിയായും മേഘമായും ഇസ്രായേൽ ജനത്തിന്റെ കൂടെ നടന്നിട്ടും അവിടുത്തെ അനുഭവം തിരിച്ചറിയുവാൻ അവർക്ക് കഴിയാതെപോയി. യേശുവിന്റെ കൂടെ നടന്ന ശിഷ്യന്മാർക്കും പലപ്പോഴും ദൈവ സാന്നിധ്യത്തെ തിരിച്ചറിയുവാൻ സാധിക്കാതെ പോകുന്നുണ്ട്.

എന്നാൽ പന്ത ക്കുസ്താ അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ ഇത് ദൈവമായിരുന്നു എന്ന എമ്മാനുവേൽ അനുഭവം സ്വന്തമാക്കുവാൻ അവർക്കു കഴിയുന്നു. മറിയത്തിന്റെ ഉള്ളിലെ ദൈവസാന്നിധ്യത്തെ തിരിച്ചറിയുവാൻ യൗസേപ്പിതാവിനെ ശക്തി പ്പെടുത്തിയതും ഗബ്രിയേൽ ദൂതന്റെ സാന്നിധ്യമായിരുന്നു. ക്രിസ്തുവിനെയും അവിടുത്തെ ശൈലിയേയും ഉൾക്കൊള്ളുവാൻ പരിശുദ്ധാത്മാവിന്റെ സാന്നി ധ്യം നമുക്കും അനിവാര്യമാണ്.

ദൈവം നമ്മോടു പറയുന്നത് ഉൾക്കൊള്ളുവാൻ ദൈവാത്മാവിന്റെ ശക്തി ക്കായി പ്രാർത്ഥിക്കാം. മാനുഷികബുദ്ധിയിൽ തിരിച്ചറിയുവാൻ പ്രയാസമായവ ദൈവികകാഴ്ചപ്പാടിൽ വലിയൊരു പദ്ധതിയാണ്. നമ്മുടെ ജീവിതത്തിലെ ഓരോ അനുഭവവും ദൈവത്തിന്റെ പദ്ധതിയാണെന്ന് തിരിച്ചറിയാം. വി. അമ്മ ത്രേസ്യാ പറയുന്നു, 'ബുദ്ധികൊണ്ടല്ല, വിശ്വാസം കൊണ്ടാണ് ദൈവത്തെ അന്വേഷിക്കേണ്ടത്.' പ്രതിസന്ധികൾ ജീവിതത്തിൽ ഉണ്ടാകുമ്പോഴും അതിനു ള്ളിലെ ദൈവശബ്ദത്തെ തിരിച്ചറിയുവാൻ കാതോർക്കാം. അവിടെ ദൈവം നിശ്ചയിച്ചിരിക്കുന്ന പദ്ധതി തിരിച്ചറിയുവാനുള്ള ഉൾക്കാഴ്ചകൾ ഉരുവാകും. അതിന് ദൈവാത്മാവിന്റെ സ്പർശം അനിവാര്യമാണ്. അപരിനിലെയും എന്നി ലെയും ദൈവസാന്നിധ്യമാകുന്ന എമ്മാനുവേൽ അനുഭവം സ്വന്തമാക്കുവാൻ പരിശുദ്ധാത്മാവിന്റെ സ്പർശം നമ്മെ സഹായിക്കും. എ